Reg. No.: ..............................

Name : ..................................

## II Semester B.A./B.Sc. Degree (CCSS – Reg./Supple./Improve.) Examination, May 2014
## COMMON COURSE IN MALAYALAM
## 2 A 08 MAL : ഭാഷയും ആശയവിനിമയവും
## (2011 and Earlier Admn.)

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. (**ഓരോ** വിഭാഗത്തിന്റെയും മൂല്യം **1**) **(4×1=4 വെയിറ്റേജ്)**

1) ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

എ) പോഷക സമ്പുഷ്ടമായ നല്ല മണ്ണിന്റെ നിറമെന്ത് ?

ബി) ഒരു സ്ഥലത്ത് ആദ്യമായി വീണു മുളക്കുന്നതും ജലമോ പോഷകമോ ഏറ്റെയൊന്നും വേണ്ടാത്തതുമായ സസ്യങ്ങൾക്ക് നൽകുന്ന പേരെന്ത് ?

സി) കാടുണ്ടാകുമ്പോൾ ആദ്യമായി വന്നു ചേരാറുള്ള ജീവികൾ ?

ഡി) പഞ്ചവടിയുടെ തെക്കു ഭാഗത്ത് വയ്ക്കുന്ന വൃക്ഷം ?

2) ''വെള്ളം കൊണ്ട് ചുറ്റപ്പെട്ട ധനപൂർണ്ണമായ ഈ ഭൂമി പകരം തരുകയാണെങ്കിൽ പോലും മകനേ, ഞാൻ നിനക്കു നൽകിയ ഉപദേശം അതിനേക്കാളെല്ലാം മികച്ചതാണെന്ന് നീ മനസ്സിലാക്കുക.''

എ) ആരുടെ വാക്കുകൾ ?

ബി) ആരോടു പറയുന്നു ?

സി) ഉപദേശം എന്താണ് ?

ഡി) ഏതു കൃതിയിൽ നിന്ന് ?

3) ''ഇത്തരം കാര്യങ്ങളിൽ സ്ത്രീകളുടെ വാക്ക് നമ്മൾ കാര്യമായിട്ടെടുക്കേണ്ടതില്ല. അവർ എപ്പോഴും താൽക്കാലിക സുരക്ഷിതത്വം മാത്രമേ ആലോചിക്കൂ''

എ) ആരുടെ വാക്കുകൾ ?

ബി) ആരോട് ?

സി) സ്ത്രീ ആരാണ് ?

ഡി) ഇത്തരം കാര്യം എന്നുദ്ദേശിക്കുന്നതെന്ത് ?

P.T.O.

4) ''ഏണ്ടാ രാമാ, നീയും ബാലമുരളിയാകപ്പോറയാ...''

എ) ആരുടെ വാക്കുകൾ ?

ബി) എപ്പോഴാണിങ്ങനെ പറയുന്നത് ?

സി) രാമൻ ആരോടാണിതു പറയുന്നത് ?

ഡി) ഈ കൃതി എഴുതിയതാര് ?

5) ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

എ) പൊക്കുടന്റെ അച്ഛന്റെ പേരെന്ത് ?

ബി) ചെമ്മീൻ കെട്ടിൽ വിള്ളലുണ്ടാകുമ്പോൾ കെട്ടിയാടുന്ന തെയ്യമേത് ?

സി) 'അസതോ മാ സദ് ഗമയ' എന്നത് ഏതുപനിഷത്തിലേതാണ് ?

ഡി) 'സ്വാമി വിവേകാനന്ദന് ഏറ്റവും പ്രിയപ്പെട്ട ഉപനിഷത്തേത് ?

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **1**). **(4×1=4 വെയിറ്റേജ്)**

6) ''പരിണാമത്തെക്കുറിച്ചുള്ള വിചിത്രകല്പനകളാകാം ഒരർത്ഥത്തിൽ എല്ലാ മിത്തുകളും'' – വിശദീകരിക്കുക.

7) ''അടുത്ത പതിപ്പിൽ പേര് 'തത്ത്വമഷി' എന്നാക്കുവാൻ പോവുകയാണ്'' – ഇങ്ങനെ പറയാനുള്ള കാരണം എന്ത് ?

8) സമൂഹത്തിലെ വരേണ്യ വിഭാഗത്തിനും സാധാരണക്കാർക്കും അഭിഗമ്യമായ ഒരു സാഹിത്യം മലയാളത്തിൽ ആദ്യമായി ആവിർഭവിച്ചതെങ്ങനെ ?

9) 'SPICE' എന്ന് ലേഖകൻ ചുരുക്കിപ്പറയുന്നതെന്തിനെയാണ് ?

10) കുറ്റിക്കണ്ടലിന്റെ പ്രത്യേകതകളെന്ത് ?

III. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ നിന്നും **അഞ്ചെണ്ണ**ത്തിനു ഉത്തരമെഴുതുക (വെയിറ്റേജ് **2**). **(5×2=10 വെയിറ്റേജ്)**

11) ''മഹാബലിയുടെ കഥ കേൾക്കുമ്പോഴൊക്കെ എന്തൊരു പൂതമാണീ മഹാബലി എന്നു തോന്നാത്തവരുണ്ടോ'' – വിവക്ഷിതമെന്ത് ?

12) ''വേദാന്തത്തെക്കുറിച്ച് സംസാരിക്കുന്ന സമയത്ത് ഭൗതികശാസ്ത്രത്തിന്റെ ഉപദർശനങ്ങൾ കൊണ്ടുവരുന്നവർ വളരെ സൂക്ഷിക്കണം'' എന്നു പറയാൻ കാരണമെന്ത് ?

13) 'അടുക്കള'യിലെ 'ദേവയാനി' എന്ന കഥാപാത്രത്തെക്കുറിച്ച് എഴുതുക.



14) 'മഴ' എന്ന തിരക്കഥയിലെ 'ഭദ്ര' അനുഭവിക്കുന്ന മാനസിക പിരിമുറുക്കങ്ങൾ ഏതെല്ലാം ?

15) പറമ്പിന്റെ മൂലയിൽ ഒരു കാടുണ്ടാക്കുന്നതിനെ അവതരിപ്പിക്കുക.

16) കേരളജനതയുടെ ഭാഷയെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങളേവ ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ നിന്ന് **മൂന്നെണ്ണ**ത്തിന് ഉത്തരമെഴുതുക (വെയിറ്റേജ് **4**). **(3×4=12 വെയിറ്റേജ്)**

17) ഔപനിഷദ പാരമ്പര്യത്തെക്കുറിച്ചുള്ള അഴീക്കോടിന്റെ നിരീക്ഷണങ്ങൾ വിശദീകരിക്കുക.

18) 'അടുക്കള' മുന്നോട്ടു വെക്കുന്ന സാമൂഹിക പ്രതിസന്ധികൾ വിശകലനം ചെയ്യുക.

19) പൊക്കുടന്റെ കണ്ടലുമൊത്തുള്ള ജീവിതാനുഭവങ്ങൾ എഴുതുക.

20) പ്രകൃതിനിരീക്ഷണത്തിന്റെ വിശാലതയിലേക്കു കടക്കുവാൻ ജോൺസി ജേക്കബിന്റെ കൃതി നൽകുന്ന പ്രേരണയെന്ത് ?

---